# UNIVERSITY OF KERALA

**Thiruvananthapuram, Kerala, India – 695034**

(Established as University of Travancore by the Travancore University Act in1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)
(Re-accredited by NAAC with 'A' Grade)

നമ്പർ. 11892/Admn A V/UOK

**സർക്കുലർ**

വിഷയം:- കോവിഡ്-19ന്റെ തീവ്രവ്യാപനം കണക്കിലെടുത്ത് കേരള സർവകലാശാലയിലെ പഠന-ഗവേഷണ വകുപ്പുകളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :- 29/4 /2021ലെ സർവ്വകലാശാല ഉത്തരവ് നമ്പർ 2260 /2021.

മേൽ സൂചന പ്രകാരം കോവിഡ്-19ന്റെ തീവ്ര വ്യാപന പശ്ചാത്തലത്തിൽ, സർക്കാർ നിർദ്ദേശത്തെത്തുടർന്ന് ആവശ്യമായ നിയന്ത്രണങ്ങൾ സർവ്വകലാശാലയിൽ നടപ്പിൽ വരുത്തിയിരുന്നു. എന്നാൽ വ്യാപനത്തിന്റെ തീവ്രത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പഠന-ഗവേഷണ വകുപ്പുകളിൽ വിദ്യാർത്ഥികളുമായി മുഖാമുഖം നടത്തുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങളും 2021 മേയ് 3 തിങ്കളാഴ്ച മുതൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി വെക്കുന്നതിനു ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ കേരള സർവകലാശാലയിലെ പഠന-ഗവേഷണ വകുപ്പുകളുടെ അക്കാദമിക പ്രവർത്തനം താഴെപ്പറയുന്ന രീതിയിൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

1. സർവകലാശാലാ പഠന- ഗവേഷണ വകുപ്പുകൾ വിദ്യാർത്ഥികളുമായി മുഖാമുഖം പഠനവകുപ്പുകളിൽ നടത്തുന്ന ഗവേഷണ-പഠന പ്രവർത്തനങ്ങളുൾപ്പെടെയുള്ള എല്ലാ അക്കാദമിക പ്രവർത്തനങ്ങളും മേയ് 3 മുതൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കുന്നു.

2. ബന്ധപ്പെട്ട അദ്ധ്യാപകർ ക്ളാസുകളും അനുബന്ധ അക്കാദമിക-ഗവേഷണ പ്രവർത്തനങ്ങളും ഓൺലൈനായി നടത്തേണ്ടതാണ്. ഇതിന് ആവശ്യമായ ക്രമീകരണങ്ങൾ വകുപ്പുമേധാവികൾ ഏർപ്പെടുത്തേണ്ടതാണ്.

3.കോവിഡിന്റെ തീവ്രവ്യാപനം കണക്കിലെടുത്ത് സർവ്വകലാശാലയുടെ ഹോസ്റ്റലുകളെല്ലാം അടയ്ക്കുന്നതിന് ഉത്തരവാകുന്നു. ഗവേഷകർ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികളും ഹോസ്റ്റലുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഹോസ്റ്റൽ വാർഡൻമാരും അതതു വകുപ്പ് മേധാവികളും വിദ്യാർത്ഥികൾക്ക് നല്കേണ്ടതാണ്.

Dr. K S Anil Kumar

രജിസ്ട്രാർ

സ്വീകർത്താവ്

1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

(2) രജിസ്ട്രാർ/ എഫ് .ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്

(3) എല്ലാ വകുപ്പ് മേധാവികൾക്കും

(4) എല്ലാ ജെ .ആർ മാർക്കും

(5) ഫിനാൻസ് 1 /ഓഡിറ്റ് IV/V/എഡി .എ VIII /IQAC

(6) ഹോസ്റ്റൽ വാർഡന്മാർ / സെക്യൂരിറ്റി ഓഫീസർ

(7)സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി